**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1300** **30-08-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ ആരംഭിക്കാൻ തീരുമാനിച്ച ടൂറിസം പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ പുതിയ ടൂറിസം പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല.** |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ടൂറിസം മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു. മൂന്നു പതിറ്റാണ്ടിനു ശേഷം ആദ്യമായി ഒരു ടൂറിസം ഉത്പന്നത്തെ ഈ സർക്കാർ സമ്മാനിച്ചു. ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാരവൻ ടൂറിസത്തിനു വലിയ പിന്തുണയാണു ലഭിച്ചത്. പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവ ടൂറിസം ഡെസ്റ്റിനേഷനുകൾ ആക്കുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ട് പ്രധാന ടൂറിസം സർക്യൂട്ടുകളായ മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് എന്നിവയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആർക്കിടെക്ചറൽ കൺസൾട്ടന്റുമാരെ കണ്ടെത്തി അവരുമായി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. കൂടാതെ നിലവിലുള്ള പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ് ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ്, വർക്കല എന്നീ 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 |

കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം ബാരിയർ ഫ്രീ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി പ്രകാരം കുടുംബശ്രീ മുഖാന്തിരം മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി , ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട് – ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ വകുപ്പ് നടപ്പിലാക്കി വരുന്നു. നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ് ഹൗസ് ബ്ലോക്കുകളും നിർമ്മാണവും വകുപ്പ് നടപ്പിലാക്കി വരുന്നു. അതിൽ ഇടുക്കി, അതിരപ്പിള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസും, സുൽത്താൻ ബത്തേരി, കോഴിക്കോട് (അഡീഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചു വരുന്നു. കൂടാതെ KTDC മുഴപ്പിലങ്ങാട് 3 സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ ടൂറിസം പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുന്നതിനും അതുവഴി destinationനുകളെ മെച്ചപ്പെടുത്തുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും വിവിധങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തെ അതിവേഗം അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന 'മായാ' വാട്സാപ്പ് ചാറ്റ് ബോട്ട് സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ലോകത്ത് എവിടെയും ഉള്ള സഞ്ചാരികൾക്ക് അനായാസം നമ്മുടെ നാടിനെ കുറിച്ച് കൂടുതൽ മനസിലാക്കാനും യാത്രാ വിവരങ്ങൾ ചോദിച്ച് അറിയാനും ഉള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന വെർച്വൽ അസിസ്റ്റന്റ് ആണ് 'മായ'. ഇത് കൂടാതെ കേരളാ ടൂറിസത്തെ കുറിച്ച് കൂടുതൽ അറിയാൻ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച 'ആപ്പും' പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം -

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭരണാനുമതി ലഭ്യമായിട്ടുള്ള പദ്ധതികൾ -

| ക്രമ നം | പദ്ധതിയുടെ പേര് | അനുവദിക്കപ്പെട്ട തീയതി | ഭരണാനുമതി തുക (രൂപ) | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 01 | ആലപ്പുഴ - H-ബ്ലോക്ക് കായലിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലവാരമുയർത്തുന്ന പദ്ധതി | 14/05/2021 | 15,00,000 | ഡിടിപിസി | ടി പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. |
| 02 | കോവളം പഴയ ഗ്രോവ് ബീച്ചിൽ പോലീസ് എയ്ഡ് പോസ്റ്റ്, അനുബന്ധ സൗകര്യങ്ങൾ എന്നിവ | 10/06/2021 | 20,17,066 | സംസ്ഥാന നിർമിതി കേന്ദ്ര | ടി പദ്ധതി പൂർത്തീകരിച്ചു. |
| 03 | കോഴിക്കോട് തിക്കോടിയിൽ ഡെവലൊപ്മെന്റ് ഓഫ് ടർട്ടിൽ ബീച്ച് | 15/06/2021 | 93,00,000 | ഡിടിപിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 04 | പീരുമേട് കെടിഡിസി ടാമറിന്റ്ഡ് ഈസി നവീകരണം - പുതുക്കിയ ഭരണാനുമതി | 30/7/2021 | 2,50,00,000 | കെടിഡിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 05 | ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതി 2021-22 | 02/08/2021 | 11,00,00,000 | ഡിടിപിസികൾ | തുടർ പ്രക്രിയയ്ക്കുള്ള വാർഷിക ഭരണാനുമതി പദ്ധതി. |
| 06 | കൊല്ലം ആശ്രമം സർക്കാർ അതിഥിമന്ദിരം, കോഴിക്കോട് സർക്കാർ അതിഥിമന്ദിരം എന്നിവിടങ്ങളിലെ പൂന്തോട്ട നിർമാണവും 03 വർഷത്തെ പരിപാലനവും | 08/08/2021 | 2,38,39,000 | എച്ച്.എൽ.എൽ. ഹൈറ്റ്സ് | ടി പദ്ധതികൾ പുരോഗമിക്കുന്നു. |
| 07 | മുസിരിസ് സ്മാരകങ്ങളിലൂടെ വിദ്യാർഥികൾക്കുള്ള പൈതൃക നടത്ത പദ്ധതി | 12/08/2021 | 50,00,000 | മുസിരിസ് പ്രോജെക്ട്സ് ലിമിറ്റഡ് | ടി പദ്ധതി പൂർത്തീകരിച്ചു. |
| 08 | വർക്കല വിനോദസഞ്ചാര കേന്ദ്രത്തിൽ CCTV കാമറ, സൗരോർജവിളക്കുകൾ, മറ്റു വിളക്കുകൾ, ഹൈ മാസ്ററ് ലൈറ്റുകൾക്കുള്ള AMC എന്നിവയ്ക്കായി | 13/08/2021 | 65,91,971 | കെൽ | ടി പദ്ധതി പുരോഗമിക്കുന്നു. |
| 09 | കോവളം ടൂറിസം കേന്ദ്രത്തിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് തിരിച്ചറിയൽ കാമറകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതി | 25/08/2021 | 75,81,500 | സിൽക്ക് | ടി പദ്ധതി പുരോഗമിക്കുന്നു. |
| 10 | ഇക്കോ ലോഡ്ജ് ഇടുക്കി - മൂന്നാം ഘട്ട അഡിഷണൽ പ്രവർത്തികൾ | 31/08/2021 | 97,45,000 | കെ.ഐ.ഐ.ഡി.സി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 11 | തിരുവനന്തപുരം കാപ്പിൽ കായലിൽ സഞ്ചാരികൾക്കുള്ള സവാരി ബോട്ടുകൾ | 05/09/2021 | 33,39,100 | ഡിടിപിസി - കെ.എസ്.ഐ.എൻ.സി മുഖേന | ടി പദ്ധതി പുരോഗമിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 12 | ടൂറിസം ഗാരേജിൽ അധിക പ്രവൃത്തികൾക്കുള്ള അനുമതി | 28/09/2021 | 92,00,000 | ULCCS | ടി പദ്ധതി പൂർത്തീകരിച്ചു. |
| 13 | കോവിഡ്-19 അതിജീവന സഹായം -റിവോൾവിങ് ഫണ്ട് പദ്ധതി | 05/10/2021 | 10,00,00,000 | ടൂറിസം വകുപ്പ് | ടി പദ്ധതി പുരോഗമിക്കുന്നു. |
| 14 | കാരവൻ ടൂറിസം സംരംഭകർക്കായുള്ള സബ്സിഡി പദ്ധതി | 11/10/2021 | 5,00,00,000 | ടൂറിസം വകുപ്പ് | ടി പദ്ധതി പുരോഗമിക്കുന്നു. |
| 15 | പയ്യാമ്പലം ബീച്ച് നടപ്പാത - രണ്ടാം ഘട്ട പ്രവൃത്തികൾ | 11/10/2021 | 4,33,94,804 | ടൂറിസം വകുപ്പ് | ടി പദ്ധതി ആരംഭിച്ചിട്ടില്ല. |
| 16 | കെടിഡിസി കുമരകം ഗേറ്റ് വേ നവീകരണം - പുതുക്കിയ ഭരണാനുമതി | 11/10/2021 | 4,32,20,000 | കെടിഡിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 17 | കോവളം ബീച്ച് ലൈറ്റിംഗ് സിസ്റ്റം - വാർഷിക അറ്റകുറ്റപണികൾക്കുള്ള കരാർ | 11/10/2021 | 24,89,800 | സിൽക്ക് | തുടർ പ്രക്രിയയ്ക്കുള്ള വാർഷിക ഭരണാനുമതി. |
| 18 | കോഴിക്കോട് സരോവരം ബയോപാർക്കിൽ പ്രകൃതി പഠനകേന്ദ്രം - ഒന്നാം ഘട്ടം | 11/10/2021 | 1,74,00,000 | ULCCS | ടി പദ്ധതി പുരോഗമിക്കുന്നു. |
| 19 | മുസിരിസ് പൈതൃക ജലപാതയിലൂടെ ഹോപ് -ഓൺ - ഹോപ് ഓഫ് ബോട്ട് സർവീസ് | 11/10/2021 | 3,06,11,355 | മുസിരിസ് പ്രോജെക്ടസ് - കെ.എസ്.ഐ.എൻ.സി മുഖേന | ടി പദ്ധതി പുരോഗമിക്കുന്നു. |
| 20 | ഇക്കോടൂറിസം -ഗവിയിലെക്കുള്ള സഞ്ചാരികൾക്കായ് സൗകര്യങ്ങളുടെ നിലവാരമുയർത്തൽ | 11/10/2021 | 1,90,00,000 | ഇക്കോടൂറിസം ഡയറക്ടറേറ്റ് - കെ.എഫ്.ആർ.ഐ മുഖേന | ടി പദ്ധതി പുരോഗമിക്കുന്നു. |
| 21 | മലപ്പുറം - താനൂർ ഓട്ടുമ്പുറം ബീച്ച് ഡെസ്റ്റിനേഷൻ അറ്റകുറ്റപണികൾ | 22/11/2021 | 22,00,000 | ഡിടിപിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 22 | കോവളം ടൂറിസം കേന്ദ്രത്തിൽ പഴയ ഹൈ മാസ്റ്റ് ലൈറ്റുകൾ മാറ്റി പുതിയ ചെറു മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായുള്ള പദ്ധതി | 26/11/2021 | 29,14,560 | ടൂറിസം വകുപ്പ് | ടി പദ്ധതി പുരോഗമിക്കുന്നു. |
| 23 | കാസറഗോഡ് - പള്ളിക്കര ബേക്കൽ ബീച്ച് പാർക്ക് നവീകരണം | 13/12/2021 | 2,48,38,459 | ബി.ആർ.ഡി.സി | ടി പദ്ധതി ആരംഭിച്ചിട്ടില്ല |
| 24 | കണ്ണൂർ - പള്ളിക്കുന്ന് ശ്രീമൂകാംബിക ക്ഷേത്രം - അക്ഷരോദ്യാനം, ഫെസിലിറ്റേഷൻ കേന്ദ്രം എന്നിവയുടെ ബാക്കി പ്രവൃത്തികൾ | 13/12/2021 | 2,50,00,000 | ടൂറിസം വകുപ്പ് | ടി പദ്ധതി പുരോഗമിക്കുന്നു. |
| 25 | കോവളം അതിഥിമന്ദിരത്തിലെ പഴയ അനുബന്ധ കെട്ടിട നവീകരണം | 14/12/2021 | 1,36,94,883 | ടൂറിസം വകുപ്പ് | ടി പദ്ധതി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| | ഇടുക്കിയിൽ - നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയപാതയോരത്ത് ഖരമാലിന്യ നിർമാർജ്ജനം - സേവ് ഗ്രീൻ സേവ് റോഡ് - 2021 | 14/12/2021 | 42,65,700 | ഡിടിപിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 27 | ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിലെ ഖരമാലിന്യ നിർമാർജ്ജനം - സേവ് ഗ്രീൻ സേവ് ടൂറിസം - 2021 | 14/12/2021 | 69,70,320 | ഡിടിപിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 28 | കോവളം സോൺ മാലിന്യനിർമാർജ്ജന പദ്ധതി Oct 2021- Sept 22 | 16/12/2021 | 49,68,000 | ഇക്കോ പ്രേസേർവ് | ടി പദ്ധതി പുരോഗമിക്കുന്നു. |
| 29 | മലപ്പുറം - പുന്നപ്പാല ക്ഷേത്രത്തിലെ തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ | 21/12/2021 | 6,70,000 | ഡിടിപിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 30 | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി - തത്വാധിഷ്ഠിത ഭരണാനുമതി | 21/12/2021 | 50,00,00,000 | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന | ഈ പദ്ധതികൾക്കായുള്ള അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓൺലൈൻ പോർട്ടൽ വഴി സ്വീകരിച്ചു വരുന്നു. |
| 31 | കണ്ണൂർ കുയ്യാലി എസ്പ്ലനേഡ് - പുഴയോര വികസന പദ്ധതി - ഒന്നാം ഘട്ടം | 01/01/2022 | 99,84,920 | ഡിടിപിസി | ടി പദ്ധതി ആരംഭിച്ചിട്ടില്ല |
| 32 | കോഴിക്കോട് കടലുണ്ടി ഫ്ലോട്ടിങ് റെസ്റ്റോറന്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായി പുഴയോര വികസന പദ്ധതി | 11/01/2022 | 99,50,000 | ULCCS | സാങ്കേതികാനുമതി ലഭിക്കുവാനുണ്ട് |
| 33 | പാലക്കാട് ഡിടിപിസി ഓഫീസ് കെട്ടിട നവീകരണം | 12/02/2022 | 25,00,000 | ഡിടിപിസി | ടി പദ്ധതി ആരംഭിച്ചിട്ടില്ല. |
| 34 | ഇടുക്കി ആമപ്പാറ - ജാലകം ഇക്കോപാർക്ക് രണ്ടാം ഘട്ട പ്രവൃത്തികൾ | 12/02/2022 | 96,65,000 | ഡിടിപിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 35 | പത്തനംതിട്ട അരുവിക്കുഴിയിലെ ടൂറിസം അമിനിറ്റി കേന്ദ്രം | 14/02/2022 | 17,94,685 | ഡിടിപിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 36 | കണ്ണൂർ മട്ടന്നൂർ വെളിയമ്പ്രയിൽ പഴശ്ശി ഡാം ഉദ്യാനം നവീകരണം | 14/03/2022 | 85,00,000 | ഡിടിപിസി | ഈ വർക് ടെണ്ടർ ചെയ്തു. |
| 37 | തിരു. കോവളം കെടിഡിസി സമുദ്ര ഹോട്ടലിലെ ജി.വി.രാജാ കൺവെൻഷൻ കേന്ദ്രത്തിലെ ചോർച്ചാ നിവാരണത്തിനുള്ള അറ്റകുറ്റപണികൾ | 26/02/2022 | 55,00,000 | കെടിഡിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 38 | കോഴിക്കോട് - ബേപ്പൂർ- ഓഷിയാനസ് ചാലിയം - ഒന്നാം ഘട്ട പദ്ധതി | 23/03/2022 | 98,75,291 | ഡിടിപിസി- സിൽക്ക് | ടി പദ്ധതി ആരംഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 39 | തിരു. കെടിഡിസി മാസ്കറ്റ് ഹോട്ടൽ ലോബിയിലെ ചോർച്ചാനിവാരണവും നിലവാരയുമർത്തലും | 25/03/2022 | 99,00,000 | കെടിഡിസി | ടി പദ്ധതി പുരോഗമിക്കുന്നു. |
| 40 | ടൂറിസം വകുപ്പിന്റെ അതിഥിമന്ദിരങ്ങളുടെ 2021-22 വർഷത്തെ അറ്റകുറ്റപണികൾ, നിലവാരമുയർത്താൽ എന്നിവ | 2021- 2022 | 15,71,35,229 | വിവിധ ഏജൻസികൾ | തുടർ പ്രക്രിയയ്ക്കുള്ള വാർഷിക ഭരണാനുമതികൾ |
| 41 | വിനോദസഞ്ചാര വിപണനത്തിനായി 2021-2022-ൽ ഭരണാനുമതി ലഭ്യമായ വിവിധ പദ്ധതികൾ | 2021- 2022 | 65,31,59,973 | ടൂറിസം വകുപ്പ് | ടി പദ്ധതികൾ പുരോഗമിക്കുന്നു. |
| 42 | കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾക്കായി 2021-2022-ൽ ഭരണാനുമതി ലഭ്യമായ വിവിധ പദ്ധതികൾ | 2021- 2022 | 5,65,10,340 | ഉത്തരവാദിത്ത ടൂറിസം മിഷൻ | ടി പദ്ധതികൾ പുരോഗമിക്കുന്നു. |
| 43 | കോഴിക്കോട് കാപ്പിൽ ബ്ലൂ ഫ്ലാഗ് ബീച്ച് പദ്ധതി അറ്റകുറ്റപണികൾ | 21/04/2022 | 26,00,000 | ഡിടിപിസി | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 44 | കണ്ണൂർ പടിയൂർ പഴശ്ശി ഡാം പരിസരത്ത് ഇക്കോ ടൂറിസം പദ്ധതി | 27/04/2022 | 5,66,00,000 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 45 | മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - മൂന്നാം ഘട്ട പദ്ധതി | 27/04/2022 | 4,89,00,000 | സംസ്ഥാന നിർമിതി കേന്ദ്ര | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 46 | ഓഷിയാനസ് ചാലിയം - രണ്ടാം ഘട്ട പ്രവൃത്തികൾ | 26/04/2022 | 8,55,88,028 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 47 | കടലുണ്ടിയിലെ ഫ്ലോട്ടിങ് റെസ്റ്റോറന്റ് | 26/04/2022 | 3,94,61,185 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 48 | കടലുണ്ടി പക്ഷിസങ്കേതത്തിനുള്ളിൽ നടപ്പാത നിർമിക്കുന്ന പദ്ധതി | 26/04/2022 | 1,43,47,626 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 49 | കണ്ണൂർ നാറാത്ത് പഞ്ചായത്തിൽ പുല്ലൂപ്പി പ്രൊമനേഡ്-പുഴയോര വികസന പദ്ധതി - ഒന്നാം ഘട്ടം | 27/04/2022 | 4,01,50,000 | ടൂറിസം വകുപ്പ് – കെൽ മുഖേന | ടി പദ്ധതിയുടെ ടെണ്ടർ നടപടി പൂർത്തിയായി. കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.. |
| 50 | കോഴിക്കോട് ബേപ്പൂരിൽ വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമാണം | 26/04/2022 | 7,37,10,000 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 51 | നേപ്പിയർ മ്യൂസിയം നിർമാണം പുതുക്കിയ ഭരണാനുമതി | 26/04/2022 | 4,77,89,285 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയ്ൻ 2022-23 - ഒന്നാം ഘട്ടം | 28/04/2022 | 5,39,97,000 | ടൂറിസം വകുപ്പ് - ഡിടിപിസികൾ മുഖേന | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 53 | ലോകനാർക്കാവ് തീർത്ഥാടന സൗകര്യ വികസന പദ്ധതി - പുതുക്കിയ ഭരണാനുമതി | 30/04/2022 | 4,50,00,000 | ULCCS | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 54 | വേളി കൺവെൻഷൻ കേന്ദ്രം നിർമ്മാണം - ഇലക്ട്രിക്കൽ ലോ വോൾട്ടജ് പ്രവൃത്തി | 07/05/2022 | 98,50,000 | ULCCS | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 55 | ടൂറിസം ഡയറക്ടറേറ്റ് വളപ്പിൽ ടി.എഫ്.സി. & ആർ.ടി. ഓഫീസ് നവീകരണം | 07/06/2022 | 44,25,000 | ULCCS | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 56 | പത്തനംതിട്ട കുളനട അമിനിറ്റി കേന്ദ്രം നവീകരണം | 13/06/2022 | 39,29,161 | ഡിടിപിസി - ജില്ലാ നിർമിതി മുഖേന | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 57 | ടൂറിസം ഓണം വാരാഘോഷം 2022 | 25/07/2022 | 7,47,00,000 | ടൂറിസം വകുപ്പ് | ടി പരിപാടി വൻവിജയമാക്കാനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിക്കുന്നു. |
| 58 | ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തങ്ങളുടെ ഭാഗമായി 2022-23-ൽ നാളിതുവരെ നൽകിയ ഭരണാനുമതികൾ | 29/07/2022 | 3,90,50,000 | ഉത്തരവാദിത്ത ടൂറിസം മിഷൻ | ടി പദ്ധതികൾ പുരോഗമിക്കുന്നു. |
| 59 | ആർ.ടി.മിഷൻ - കോട്ടയം മറവന്തുരുത്ത് - തുരുത്തുമ്മ തൂക്കുപാലം കടവിൽ ഫ്ലോട്ടിങ് ബോട്ട് ജെട്ടി നിർമാണം | 08/08/2022 | 34,08,287 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 60 | ആർ.ടി.മിഷൻ - കോട്ടയം മറവന്തുരുത്ത് - ആറ്റുവേല കടവിൽ ഫ്ലോട്ടിങ് ബോട്ട് ജെട്ടി നിർമാണം | 08/08/2022 | 66,64,416 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 61 | ചാമ്പ്യൻസ് ബോട്ട് ലീഗ് 2022 | 11/08/2022 | 14,98,00,000 | ടൂറിസം വകുപ്പ് | ടി പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. |
| 62 | ടൂറിസം വകുപ്പിന്റെ അതിഥിമന്ദിരങ്ങളുടെ 2022-23 വർഷത്തെ നാളിതുവരെയുള്ള അറ്റകുറ്റപണികൾ, നിലവാരമുയർത്താൽ എന്നിവ | 2022- 2023 | 1,13,53,616 | വിവിധ ഏജൻസികൾ | തുടർ പ്രക്രിയയ്ക്കുള്ള വാർഷിക ഭരണാനുമതികൾ |
| 63 | വിനോദസഞ്ചാര വിപണനത്തിനായി 2022-23 വർഷത്തെ നാളിതുവരെയുള്ള ഭരണാനുമതി ലഭ്യമായ വിവിധ പദ്ധതികൾ | 2022- 2023 | 59,58,66,675 | ടൂറിസം വകുപ്പ് | ടി പദ്ധതികൾ പുരോഗമിക്കുന്നു. |



26/8/22
26/8/2022
26/8/22